**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 603** **28-01-2026 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ കെൽട്രോൺ ഉപകമ്പനികളുടെ ലിക്വിഡേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ മുളങ്കുന്നത്തുകാവിൽ കെൽട്രോൺ ഉപകമ്പനികളുടെ ലിക്വിഡേഷനിലുള്ള ഭൂമി വ്യവസായ വികസനത്തിന് ഉപയോഗപ്രദമാക്കുന്നതിനായി കെൽട്രോണും സി-മെറ്റും സംയുക്ത സംരംഭമെന്ന നിലയിൽ സെൻസർ -ഇലക്ട്രോണിക് കംപോണന്റ്സ് എന്നിവയുടെ ഉത്പാദനത്തിനായി ഒരു കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കാനുള്ള പ്രൊപ്പോസലിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (എ) | കെൽട്രോണിന്റെ അടച്ചുപൂട്ടിയ സബ്സിഡിയറി കമ്പനികളായ കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡിന്റെയും കെൽട്രോൺ റെക്റ്റിഫയേഴ്സ് ലിമിറ്റഡിന്റെയും കൈവശമുണ്ടായിരുന്ന 12.19 ഏക്കറിൽ, 7.19 ഏക്കർ ഭൂമിയിൽ സി-മെറ്റുമായി ചേർന്ന്, സെൻസർ ഉത്പാദനം, കാലിബ്രേഷൻ, ടെസ്റ്റിംഗ് എന്നിവയ്ക്കും, ഇലക്ട്രോണിക് കംപോണന്റ്സ് / ഉപകരണ-ങ്ങളുടെ ഉത്പാദനത്തിനുമായി, സംയുക്ത സംരംഭം എന്ന നിലയിൽ ഒരു കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.<br><br>പ്രസ്തുത സബ്സിഡിയറി കമ്പനികളെ പുനരുജ്ജീവിപ്പി-ക്കുന്നതിനായും, ബഹു: ഹൈക്കോടതിയുടെ ഒഫീഷ്യൽ ലിക്വിഡേറ്ററുടെ കൈവശമുള്ള 12.19 ഏക്കർ സ്ഥലവും ബാക്കി ജംഗമവസ്തുക്കളും തിരികെ കിട്ടുന്നതിനായും, അവിടെ സിമെറ്റുമായി ചേർന്ന് ഒരു സംയുക്ത സംരംഭം ആരംഭിക്കുന്നതിനായും ബഹു. ഹൈക്കോടതി മുമ്പാകെ കെൽട്രോൺ ഫയൽ ചെയ്ത അപേക്ഷകൾ തീർപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ ഒഫീഷ്യൽ ലിക്വിഡേറ്ററുടെ പക്കലുണ്ടായിരുന്ന ആസ്തികളും രേഖകളും 20.01.2026-ൽ കെൽട്രോണിന് തിരികെ കൈമാറി ലഭിച്ചിട്ടുണ്ട്.<br><br>ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജിയിൽ (MeitY) നിന്നും സബ്സിഡിയറി കമ്പനികൾ എടുത്തിട്ടുള്ള വായ്പ തുക തീർപ്പാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിനോടൊപ്പം തന്നെ സംയുക്ത സംരംഭത്തിന്റെ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സി-മെറ്റ് സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഒഫിഷ്യൽ ലിക്വിഡേറ്ററുടെ കൈവശത്തു നിന്നും ഭൂമി വിട്ടുകിട്ടുന്നതിനുള്ള കോടതി നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ? | (ബി) | (എ) പിരിവ് കണ്ടാലും. |

സെക്ഷൻ ഓഫീസർ